

# ജനഹിതം

വാർത്താപത്രിക

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

ആഗസ്റ്റ് 2025 ലക്കം 8

## തദ്ദേശസ്ഥാപന വാർഡ് പുനർവിഭജനം പൂർത്തിയായി

14 ജില്ലാപഞ്ചായത്തുകളിലെ വാർഡ് പുനർവിഭജനത്തിന്റെ അന്തിമവിജ്ഞാപനം സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ അംഗീകരിച്ചു. ഇതോടെ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ വാർഡ് പുനർനിർണയപ്രക്രിയ പൂർത്തിയായി.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ചെയർമാനും വിവിധ സർക്കാർ വകുപ്പ് സെക്രട്ടറിമാരായ ഡോ. രത്തൻ യു ഖേൽക്കർ, കെ. ബിജു, എസ്. ഹരികിഷോർ, ഡോ. കെ. വാസുകി എന്നിവർ അംഗങ്ങളും തദ്ദേശവകുപ്പ് ജോയിന്റ് ഡയറക്ടർ ജോസ്നമോൾ.എസ് സെക്രട്ടറിയുമായുള്ള ഡീലിമിറ്റേഷൻ കമ്മീഷനാണ് വാർഡ് വിഭജനപ്രക്രിയ നടത്തിയത്. വാർഡ് പുനർ വിഭജനപ്രക്രിയ വിജയകരമായി പൂർത്തിയാക്കാൻ സഹകരിച്ച എല്ലാപേരോടും ഡീലിമിറ്റേഷൻകമ്മീഷൻ നന്ദി അറിയിച്ചു.

മൂന്ന് ഘട്ടങ്ങളിലായാണ് വാർഡ് പുനർവിഭജനപ്രക്രിയ നടന്നത്. ആദ്യഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾഎന്നിവടങ്ങളിലും, രണ്ടാം ഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തുകളിലും, മൂന്നാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്തുകളിലും വാർഡ് പുനർ വിഭജനം നടത്തിയത്.

2011ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യാടിസ്ഥാനത്തിൽ വാർഡുകളുടെ എണ്ണം പുനർനിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ ആകെ വാർഡുകളുടെ എണ്ണം 21900 ൽ നിന്നും 23612 ആയി. 87 മുനിസിപ്പാലിറ്റികളിലെ 3113 വാർഡുകൾ 3241 ആയും, ആറ് കോർപ്പറേഷനുകളിലെ 414 വാർഡുകൾ 421 ആയും, 941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകൾ 17337 ആയും, 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2080 വാർഡുകൾ 2267 ആയും, 14 ജില്ലാ പഞ്ചായത്തുകളിലെ 331 വാർഡുകൾ 346 ആയും വർദ്ധിച്ചു. 2011ലെ സെൻസസ് ജനസംഖ്യയുടെയും, തദ്ദേശസ്ഥാപനങ്ങളിലെ വാർഡുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ച 2024 ലെ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് പുനർവിഭജനം നടത്തിയത്.

### ഡീലിമിറ്റേഷന് ശേഷമുള്ള വാർഡുകളുടെ വിവരം ജില്ലാടിസ്ഥാനത്തിൽ

| ജില്ല / വാർഡുകളുടെ എണ്ണം ഡീലിമിറ്റേഷന് ശേഷം (ബ്രാക്കറ്റിൽ ഡീലിമിറ്റേഷന് മുൻപ്) | ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലം | ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലം | ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലം | മുനിസിപ്പാലിറ്റി വാർഡ് | കോർപ്പറേഷൻ വാർഡ് | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 1386 (1299) | 169 (155) | 28 (26) | 154 (147) | 101 (100) | 1838 (1727) |
| കൊല്ലം | 1314 (1234) | 166 (152) | 27 (26) | 135 (131) | 56 (55) | 1698 (1598) |
| പത്തനംതിട്ട | 833 (788) | 114 (106) | 17 (16) | 135 (132) | | 1099 (1042) |
| ആലപ്പുഴ | 1253 (1169) | 170 (158) | 24 (23) | 219 (215) | | 1666 (1565) |
| കോട്ടയം | 1223 (1140) | 157 (146) | 23 (22) | 208 (204) | | 1611 (1512) |
| ഇടുക്കി | 834 (792) | 112 (104) | 17 (16) | 73 (69) | | 1036 (981) |
| എറണാകുളം | 1467 (1338) | 202 (185) | 28 (27) | 447 (421) | 76 (74) | 2220 (2045) |
| തൃശ്ശൂർ | 1601 (1465) | 231 (213) | 30 (29) | 286 (274) | 56 (55) | 2204 (2036) |
| പാലക്കാട് | 1636 (1490) | 200 (183) | 31 (30) | 249 (240) | | 2116 (1943) |
| മലപ്പുറം | 2001 (1778) | 250 (223) | 33 (32) | 505 (479) | | 2789 (2512) |
| കോഴിക്കോട് | 1343 (1226) | 183 (169) | 28 (27) | 273 (265) | 76 (75) | 1903 (1762) |
| വയനാട് | 450 (413) | 59 (54) | 17 (16) | 103 (99) | | 629 (582) |
| കണ്ണൂർ | 1271 (1166) | 162 (149) | 25 (24) | 334 (324) | 56 (55) | 1848 (1718) |
| കാസർകോട് | 725 (664) | 92 (83) | 18 (17) | 120 (113) | | 955 (877) |
| **ആകെ** | 17337 (15962) | 2267 (2080) | 346 (331) | 3241 (3113) | 421 (414) | 23612 (21900) |

2015 ൽ വാർഡ് പുനർവിഭജനം നടത്തിയതും നിലവിലുള്ള വാർഡുകളുടെ എണ്ണത്തിൽ മാറ്റമില്ലാത്തതുമായ പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയെയും തൃക്കടീരി ഗ്രാമപഞ്ചായത്തിനെയും ഇപ്പോഴത്തെ ഡീലമിറ്റേഷൻ പ്രക്രിയയിൽ നിന്നും ഒഴിവാക്കിയിരുന്നു.

ആദ്യ ഘട്ടത്തിൽനടന്ന ഡീലിമിറ്റേഷനിൽ ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും വാർഡ് വിഭജനത്തിന്റെ കരട് വിജ്ഞാപനം 2024 നവംബർ 18ന് പ്രസിദ്ധീകരിച്ചിരുന്നു. കരട് സംബന്ധിച്ച് സംസ്ഥാനത്തെ 1032 തദ്ദേശ സ്ഥാപനങ്ങളിൽനിന്നുമായി ആകെ 16896 പരാതികളാണ് ലഭിച്ചത്. ഗ്രാമപഞ്ചായത്തുകളിൽ 12425 ഉം, →

മുനിസിപ്പാലിറ്റികളിൽ 2864 ഉം, കോർപ്പറേഷനുകളിൽ 1607 ഉം പരാതികൾ ലഭിച്ചു. 2025 ജനുവരി 16 ന് പത്തനംതിട്ടയിൽ ജില്ലയിൽ ആരംഭിച്ച ഹീയറിംഗ് 14 ജില്ലകളിലായി 18 ദിവസം നീണ്ടു. ഗ്രാമപഞ്ചായത്തുകളുടെ അന്തിമവിജ്ഞാപനം 2025 മെയ് 19 നും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളുടേത് മെയ് 27 നും പ്രസിദ്ധീകരിച്ചിരുന്നു.

രണ്ടാംഘട്ടത്തിൽ സംസ്ഥാനത്തെ 152 ബ്ളോക്ക് പഞ്ചായത്തുകളുടെ വാർഡ് പുനർവിഭജനമാണ് നടത്തിയത്. 2080 ബ്ളോക്ക് പഞ്ചായത്ത് വാർഡുകൾ 2267 ആയി വർദ്ധിച്ചു. കരട് വിജ്ഞാപനം 2025 മെയ് 30 ന് പ്രസിദ്ധീകരിക്കുകയും 131 ബ്ളോക്ക് പഞ്ചായത്തുകളിലായി ആകെ 782 പരാതികൾ ലഭിക്കുകയും ചെയ്തു. 21 ഇടങ്ങളിൽ നിന്നും പരാതിയൊന്നും ലഭിച്ചിരുന്നില്ല. 14 ജില്ലകളെ മൂന്നു മേഖലളായി തിരിച്ചാണ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവടങ്ങളിൽ മൂന്ന് ദിവസങ്ങളിലായി ഹീയറിംഗ് നടത്തിയത്. ബ്ളോക്ക്പഞ്ചായത്ത് വാർഡ് വിഭജന അന്തിമവിജ്ഞാപനം 2025 ജൂലൈ 10 ന് പ്രസിദ്ധീകരിച്ചിരുന്നു.

# തിരഞ്ഞെടുപ്പ് പ്രചാരണത്തിലെ ആശയസംവാദങ്ങൾ ജനാധിപത്യത്തിന്റെ ശക്തി- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ



കുറ്റമറ്റ വോട്ടർപട്ടികയും, സുതാര്യമായ തിരഞ്ഞെടുപ്പ് പ്രക്രിയയും പോലെ തന്നെ പ്രാധാന്യമുള്ളതാണ് തിരഞ്ഞെടുപ്പ് പ്രചാരണത്തോടനുബന്ധിച്ച് നടക്കുന്ന ആശയസംവാദങ്ങളെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ പറഞ്ഞു. സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ. ആരംഭകാലം മുതൽ തന്നെ സാർവ്വത്രികവോട്ടവകാശം നടപ്പാക്കിയ രാജ്യമാണ് ഇന്ത്യ. തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടക്കേണ്ട വർഷമെന്നതിനാൽ ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷത്തിന് ഏറെ പ്രസക്തിയുണ്ടെന്നും കമ്മീഷണർ പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മീഷൻഓഫീസിൽ കമ്മീഷണർ എ.ഷാജഹാൻപതാകയുയർത്തി. സെക്രട്ടറി ബി.എസ്. പ്രകാശ്, മറ്റുദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



## തദ്ദേശതിരഞ്ഞെടുപ്പ്; **അന്തിമ വോട്ടർപട്ടിക സെപ്തംബർ രണ്ടിന്**

തദ്ദേശസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക സെപ്തംബർ രണ്ടിന് പ്രസിദ്ധീകരിക്കും. 2025 ജൂലൈ 23 ന് പ്രസിദ്ധീകരിച്ചിരുന്ന കരട് വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും ഓഗസ്റ്റ് 7 വരെ സമയം നൽകിയിരുന്നു. പിന്നീട് അവസാനതീയതി ഓഗസ്റ്റ് 12 വരെ നീട്ടിയിരുന്നു. സമയപരിധി അവസാനിച്ചപ്പോൾ വോട്ടർപട്ടികയിൽ പേരു ചേർക്കാൻ 29,81,310 അപേക്ഷകൾ ലഭിച്ചു. തിരുത്തൽ വരുത്തുന്നതിന് 13859 ഉം, സ്ഥാനമാറ്റത്തിന് 180793 ഉം , ഒഴിവാക്കലുകൾക്ക് 4,16,700 ഉം അപേക്ഷകൾ ലഭിച്ചു. ആകെ 35,98,257 അപേക്ഷകളാണ് ലഭിച്ചത്.പ്രവാസി അപേക്ഷകരുടെ എണ്ണം 5595 ആണ്. അപേക്ഷകളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻഓഫീസർമാർ സ്വീകരിക്കുന്ന നടപടിക്കെതിരെ തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപ്പീൽനൽകാം. ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകമാണ് അപ്പീൽ നൽകേണ്ടത്.

### തദ്ദേശസ്ഥാപനങ്ങൾ ഓഗസ്റ്റ് 30 വരെ അവധി ദിവസങ്ങളിലും പ്രവർത്തിക്കും

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഓഫീസുകൾഓഗസ്റ്റ് 30 വരെയുള്ള എല്ലാ അവധിദിവസങ്ങളിലും തുറന്ന് പ്രവർത്തിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഈ നടപടി.

## തദ്ദേശതിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ (ഫോം 4) ലഭിച്ചത് 2981310 അപേക്ഷകൾ.

വോട്ടർ പട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ

| # | District | Form 4 | Form 6 | Form 7 | Deletion Request | SM-Deletions | Form 5 | Pravasi (Form 4A) |
|---|---|---|---|---|---|---|---|---|
| 1 | THIRUVANANTHAPURAM | 260795 | 1590 | 15587 | 496 | 1690 | 8476 | 67 |
| 2 | KOLLAM | 217281 | 1146 | 10867 | 316 | 5809 | 18275 | 97 |
| 3 | PATHANAMTHITTA | 76734 | 714 | 5572 | 190 | 2629 | 7577 | 90 |
| 4 | ALAPPUZHA | 162441 | 869 | 5762 | 198 | 4328 | 16188 | 88 |
| 5 | KOTTAYAM | 158951 | 1009 | 11576 | 438 | 873 | 18948 | 81 |
| 6 | IDUKKI | 92427 | 544 | 11121 | 316 | 2114 | 21989 | 18 |
| 7 | ERNAKULAM | 293547 | 1447 | 16082 | 225 | 2290 | 63773 | 158 |
| 8 | THRISSUR | 316437 | 1199 | 14339 | 154 | 1775 | 67351 | 287 |
| 9 | PALAKKAD | 252067 | 946 | 17740 | 337 | 974 | 23521 | 98 |
| 10 | MALAPPURAM | 414953 | 1621 | 29233 | 326 | 1132 | 43587 | 564 |
| 11 | KOZHIKODE | 320042 | 1014 | 16646 | 196 | 2553 | 63361 | 3210 |
| 12 | WAYANAD | 75244 | 290 | 5455 | 96 | 180 | 18814 | 20 |
| 13 | KANNUR | 225971 | 984 | 12921 | 387 | 1954 | 35350 | 656 |
| 14 | KASARGOD | 114420 | 486 | 7892 | 131 | 430 | 9490 | 161 |
| Total | | 2981310 | 13859 | 180793 | 3806 | 28731 | 416700 | 5595 |
| | | 3598257 | | | | | | |

# പത്രവാർത്തകളിലൂടെ

## ചെയറിൽ ഇനി ചെയർപേഴ്സൺ മാത്രം

ചെയർമാൻ' പ്രയോഗം നിർത്തുന്നു സർക്കാർ പദവികളില് ഇനി 'ചെയർമാൻ' കസേര ഇല്ല. എല്ലായിടത്തും 'ചെയർ പേഴ്സൺ' കസേരയിട്ടിരിക്കും. ഭരണരംഗത്ത് ജെൻഡർ നിഷ്പക്ഷ പദങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ചെയർമാൻ എന്ന വാക്കിന് പകരം ചെയർ പേഴ്സൺ എന്ന് ഉപയോഗിക്കാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് നിർദ്ദേശം നൽകിയത്.

**(മലയാള മനോരമ 02.07.2025)**

## പാർലമെന്റ് പോലെ നഗരസഭകളും പഞ്ചായത്തുകളും സമ്മേളിക്കണം

പാർലമെന്റിന്റെ ഇരുസഭകളെയും പോലെ രാജ്യത്തെ നഗരസഭകളും ഗ്രാമപഞ്ചായത്തുകളും എന്തുകൊണ്ടാണ് ജനങ്ങളുടെ വിഷയം ചർച്ച ചെയ്യാൻ ദീർഘനേരം സമ്മേളിക്കാത്തതെന്ന് സ്പീക്കർ ഓം ബിർള ചോദിച്ചു. ജനകീയ പ്രശ്നങ്ങൾ ഏറെ ചർച്ച ചെയ്യാനുള്ള നഗരസഭകളും ഗ്രാമപഞ്ചായത്തുകളും ഇതിനായി ദിവസങ്ങൾ സമ്മേളിക്കുന്ന രീതി ഉണ്ടാക്കാൻ അവയുടെ അധ്യക്ഷർക്ക് കഴിയണം. പാർലമെന്റിലേതുപോലെ ചർച്ചകളും ചോദ്യോത്തരവേളകളും നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും ഉണ്ടാകണമെന്ന് സ്പീക്കർ ചൂണ്ടിക്കാട്ടി. ലോക്സഭയും ഹരിയാന നിയമസഭയും സംയുക്തമായി സംഘടിപ്പിച്ച നഗരസഭാദ്ധ്യക്ഷന്മാരുടെ ദേശീയ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സ്പീക്കർ.

**(മാധ്യമം 04.07.2025)**

## ജനനത്തീയതി തെളിയിക്കാൻ ഒ.സി.ഐ കാർഡും

വിദേശ പൗരത്വമുള്ള ഇന്ത്യക്കാർക്ക് ആധാർ എടുക്കുമ്പോൾജനനത്തീയതി തെളിയിക്കാനുള്ള രേഖയായി ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യ (ഒ സി ഐ) കാർഡ് ഉപയോഗിക്കാം. 2016-ലെ ആധാർ എന്റോൾമെന്റ് ചട്ടം ഇതിനായി ഭേദഗതി ചെയ്തു. അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് എത്തിയ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജനനത്തീയതി തെളിയിക്കാനായി അംഗീകൃത ദീർഘകാലവിസ (എൽ ടിവി) ഇനി ഉപയോഗിക്കാം. കഴിഞ്ഞ 12 മാസത്തിനിടെ 182 ദിവസമെങ്കിലും ഇന്ത്യയിൽ കഴിഞ്ഞ വിദേശ പൗരന്മാർക്ക് വിസയും പാസ്പോർട്ടും ഇതേ ആവശ്യത്തിന് ഉപയോഗിക്കാം.

**(മലയാള മനോരമ 05.07.2025)**

## സെൻസസ് ഒരുക്കം; പ്രീ ടെസ്റ്റ് വിജ്ഞാപനം ഓഗസ്റ്റിൽ

ഡയറക്ടർമാരുടെ രണ്ട് ദിവസത്തെ സമ്മേളനത്തോടെ 2027-ലെ സെൻസസിനുള്ള ഒരുക്കങ്ങൾ ഔദ്യോഗികമായി ആരംഭിച്ചു. സെൻസസ് നടപടികളെ കുറിച്ച് യോഗത്തിൽ വിശദീകരിച്ചു. ആദ്യഘട്ടം ആരംഭിക്കുന്നതിനു മുമ്പ് പരീക്ഷണാടിസ്ഥാനത്തിൽപ്രീടെസ്റ്റ് നടത്തും. ഇതിനുള്ള വിജ്ഞാപനം ഓഗസ്റ്റിൽ വന്നേക്കും. 2019-ൽ സമാനമായ നടപടിക്രമം 76 ജില്ലകളിൽനടത്തിയിരുന്നു. സെൻസസ് പ്രവർത്തനങ്ങൾ വിവരിക്കുന്ന പോർട്ടൽ ഉടൻതുടങ്ങുമെന്ന് കേന്ദ്രം അറിയിച്ചു. രാജ്യത്തിന്റെ പതിനെട്ടാമത്തെയും സ്വാതന്ത്ര ഭാരതത്തിലെ എട്ടാമത്തെയും സെൻസസ് ആണിത്. കണക്കെടുപ്പിനായി മൊബൈൽ ആപ്പ് അടക്കമുള്ള ഡിജിറ്റൽ മാർഗ്ഗങ്ങൾ സ്വീകരിക്കും.

**(മലയാള മനോരമ 05.07.2025)**

## സെൻസസ്; പൗരന്മാർക്ക് സ്വയം വിവരങ്ങൾ ചേർക്കാൻ പോർട്ടൽ

ആസന്നമായ സെൻസസ് പ്രക്രിയയിൽ പൗരന്മാർക്ക് സ്വയം വിവരങ്ങൾ ചേർക്കാൻ പ്രത്യേക റിപ്പോർട്ട് ആരംഭിക്കും. ഭവന സെൻസസ്, ജനസംഖ്യ കണക്കെടുപ്പ് എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലും ഈ സേവനം ലഭ്യമായിരിക്കും. രാജ്യത്ത് ആദ്യമായി നടക്കുന്ന ഡിജിറ്റൽ സെൻസസിൽഎന്യൂമറേറ്റർമാർ ആൻഡ്രോയിഡ്, ആപ്പിൽ ഫോണുകളിൽമൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് പൗരന്മാരുടെ വിവരങ്ങൾ ശേഖരിക്കും. ഡേറ്റ ശേഖരിച്ച് ഇലക്ട്രോണിക് ആയി കേന്ദ്രസെർവറിലേക്ക് അയയ്ക്കും. ഇത് സെൻസസ് ഡേറ്റ വേഗത്തിൽ ലഭ്യമാകാൻ സഹായിക്കും. വിവരശേഖരണം, കൈമാറ്റം എന്നിവയിൽ ഡേറ്റ് സുരക്ഷ ഉറപ്പാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കും. അടുത്തവർഷം ഏപ്രിൽ ഒന്നിനാണ് സെൻസസ് തുടങ്ങുക. ആദ്യ ഘട്ടത്തിൽ വീടുകളുടെ വിവരശേഖരണം ആയിരിക്കും.

**(മാധ്യമം 08.07.2025)**

## കോർപ്പറേഷനുകൾക്ക് സിറ്റി കാബിനറ്റും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും വേണം

സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സിറ്റി ക്യാബിനറ്റ് വേണമെന്നും ഭരണച്ചുമതലയുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കണമെന്നും കേരള അർബൻ പോളിസി കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകി. കോർപ്പറേഷനുകളിൽ ഇപ്പോഴുള്ള സ്റ്റാൻഡിങ് കമ്മിറ്റി സംവിധാനം പരിഷ്കരിച്ച് സിറ്റി ക്യാബിനറ്റ് രൂപീകരിക്കാമെന്നും വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ കൂടി ഇതിലേക്ക് ഉൾ പ്പെടുത്താമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. വികസനം, ആസൂത്രണം, ഭരണച്ചുമതല, ഫണ്ട്സമാഹരണം എന്നീ ഉത്തരവാദിത്വങ്ങളാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടേത്. തദ്ദേശമന്ത്രി, മേയർ, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർഅടങ്ങിയ സമിതി അഭിമുഖം നടത്തിയാണ് സർക്കാർഉദ്യോഗസ്ഥരിൽ നിന്നും, പ്രൊഫഷണൽ മേഖലയിൽനിന്നുമുള്ള വിദഗ്ധരെ ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കേണ്ടത്. നഗരഭരണം പ്രൊഫഷണൽആക്കുകയെന്ന ലക്ഷ്യത്തോടെയാണ് അർബൻ പോളിസി കമ്മീഷന്റെ നിർദ്ദേശങ്ങൾ. കോർപ്പറേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയശേഷം ആവശ്യമെങ്കിൽ മുനിസിപ്പാലിറ്റികളിൽ ഇത് വ്യാപിപ്പിക്കാം. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളുടെ മെട്രോപൊളിറ്റൻ പ്ലാനിങ് കൗൺസിൽ രൂപീകരിക്കണമെന്നും മുനിസിപ്പൽ ചെയർമാൻമാരുടെ പേര് മുനിസിപ്പൽ ചെയർപേഴ്സൺ എന്നാക്കണമെന്നുള്ള ശുപാർശകൾ സർക്കാർ ഇതിനകം അംഗീകരിച്ചു.

(മലയാള മനോരമ 09.07.2025)

## ബീഹാർ വാട്ടർ പട്ടിക; ആധാറും പരിഗണിക്കണം - സുപ്രീംകോടതി

ബീഹാറിൽ വോട്ടർപട്ടിക പരിഷ്കരിക്കാൻ സ്വീകരിക്കുന്ന രേഖകളിൽ ആധാറും വോട്ടർഐഡിയും റേഷൻകാർഡും ഉൾപ്പെടുത്തുന്നത് പരിഗണിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീംകോടതി. ഇവ ഉൾ പ്പെടുത്തുന്നില്ലെങ്കിൽ കമ്മീഷൻ കാരണം വ്യക്തമാക്കണം. എന്നാൽ വോട്ടർ പട്ടിക പരിഷ്കരണത്തിന് തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന പ്രത്യേക തീവ്രപരിശോധന (സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ) തടയുന്നില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി.

(മാതൃഭൂമി 11.07.2025)

## വോട്ടർ പട്ടിക - രാജവ്യാപക തീവ്രപരിശോധനയ്ക്ക് നീക്കം

ബീഹാറിൽ നടപ്പാക്കിയത് പോലെ വോട്ടർപട്ടികയുടെ പ്രത്യേക തീവ്രപരിശോധന അടുത്തമാസം ഇന്ത്യയിലുടനീളം നടത്താൻഒരുങ്ങി തിരഞ്ഞെടുപ്പ് കമ്മീഷൻ. പ്രത്യേക തീവ്രപരിശോധനയെ കഴിഞ്ഞയാഴ്ച സുപ്രീംകോടതി ഭരണഘടനാപരമായ നടപടി എന്ന് വിശേഷിപ്പിക്കുകയും ബീഹാറിൽ തീവ്രപരിശോധന തുടരാൻ അനുമതി നൽകുകയും ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് ഈ നീക്കം.

(മാധ്യമം 14.07.2025)

## അപേക്ഷകളിലെ തീരുമാനങ്ങൾ കെ-സ്മാർട്ട് വഴി മതി- ഹൈക്കോടതി

തദ്ദേശസ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന അപേക്ഷകളിൽ ഉള്ള തീരുമാനങ്ങൾഏകജാലക സംവിധാനമായ കെ-സ്മാർട്ട് പോർട്ടലിൽ അപ്ലോഡ് ചെയ്താൽ മതിയെന്നും നേരിട്ട് ലഭ്യമാക്കേണ്ടതില്ലെന്നും ഹൈക്കോടതി. ഇത്തരത്തിൽഅപ്ലോഡ് ചെയ്യുന്ന ഉത്തരവുകൾക്ക് ഐടി ആക്ട് പ്രകാരം നിയമസാധ്യതയുണ്ടെന്നും നേരിട്ട് അറിയിച്ചില്ലെന്ന വാദം ഉന്നയിക്കാൻ ആകില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി

(മാതൃഭൂമി 15.07.2025)

## വോട്ടർ പട്ടികയിൽ 23 മുതൽ പേര് ചേർക്കാം

തദ്ദേശസ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ജൂലൈ 23 മുതൽ ആഗസ്റ്റ് 7 വരെ അവസരം. ഒഴിവാക്കൽ, തിരുത്തൽ, മറ്റൊരു വാർഡിലേക്കോ പോളിംഗ് സ്റ്റേഷനിലേക്കോ സ്ഥാനമാറ്റം എന്നിവക്കും കമ്മീഷന്റെ വെബ്സൈറ്റിൽ ഓൺലൈൻ ആയി അപേക്ഷിക്കണം. കരട് വോട്ടർ പട്ടിക 23-നും അന്തിമ പട്ടിക ഓഗസ്റ്റ് 30നും പ്രസിദ്ധീകരിക്കും. പൊതു തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ വിശദീകരിക്കുന്നതിനായി ചേർന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ ആണ് ഇക്കാര്യം അറിയിച്ചത്.

(ദേശാഭിമാനി 20.07.2025)

## ഗ്രാമപഞ്ചായത്തിൽ കൂടുതൽ വോട്ടർമാർ ഒളവണ്ണയിൽ

കുറവ് ഇടമലക്കുടിയിൽ തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായി തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച കരട് വോട്ടർപട്ടികയിൽഗ്രാമപഞ്ചായത്തുകളിൽ കൂടുതൽ വോട്ടർമാർ ഉള്ളത് കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിലും, കുറവ് ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിലും ആണ്. ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 50,953 വോട്ടർമാരാണുള്ളത്. ഇടമലക്കുടിയിൽ 1745 വോട്ടർമാരും. മുനിസിപ്പാലിറ്റികളിൽ കൂടുതൽ വോട്ടർമാർ ആലപ്പുഴ മുനിസിപ്പാലിറ്റിയിലാണ് - 1,26,953, കുറവ് കൂത്താട്ടുകുളത്തും - 14,025. കോർപ്പറേഷനിൽ തിരുവനന്തപുരമാണ് മുന്നിൽ (7,82,121 ), കുറവ് കണ്ണൂരിൽ (1,81,944).

(മാധ്യമം 25.07.2025)

## വോട്ടർപട്ടികയിലെ വീഴ്ച ബോധപൂർവ്വമെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി

വോട്ടർപട്ടിക പുതുക്കിയതിൽ ബോധപൂർവ്വം വീഴ്ചവരുത്തി എന്ന് കണ്ടെത്തിയാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി. പിഴവുകൾ പരിഹരിക്കാനുള്ള നിർദ്ദേശത്തോടൊപ്പമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യം വ്യക്തമാക്കിയത്.
വാർഡ് വിഭജനത്തിന് ശേഷം ഇത്തരം പരാതികൾ സ്വാഭാവികമാണെങ്കിലും ഇത്തവണ രാഷ്ട്രീയപാർട്ടികൾ ഗൗരവത്തോടെയാണ് വോട്ടർ പട്ടികയിലെ വീഴ്ചകളെ കാണുന്നത്.

(മാതൃഭൂമി 28.07.2025)

# വോട്ടർപട്ടികയുടെ വിശുദ്ധി



പി.ജെ ജെയിംസ്

**ഒരു** ജനാധിപത്യരാജ്യത്തിലെ ഏറ്റവും വലിയ ജനാധിപത്യ പ്രവർത്തനമാണ്. അതിന്റെ ഭരണാധികാരികളെ കണ്ടെത്തുന്നതിനുള്ള തിരഞ്ഞെടുപ്പ്. ഈ തിരഞ്ഞെടുപ്പ് നടത്തുന്നതാകട്ടെ അതത് രാജ്യങ്ങളിലെ സ്വതന്ത്ര ഏജൻസികളാണ്. ഇന്ത്യയെന്ന അതിബൃഹത്തായ ജനാധിപത്യരാജ്യത്ത് തിരഞ്ഞെടുപ്പ് നടത്താനുള്ള സമ്പൂർണ അധികാരം അത്യന്തം സ്വതന്ത്ര ഭരണഘടനാ സ്ഥാപനങ്ങളായ തിരഞ്ഞെടുപ്പ് കമ്മീഷനുകൾക്കാണ്. ഒരു തിരഞ്ഞെടുപ്പ് സ്വതന്ത്രവും നിഷ്പക്ഷവും നീതിയുക്തവുമായി നടത്തണമെങ്കിൽ സംശുദ്ധമായ വോട്ടർപട്ടിക അനിവാര്യമാണ്. അത്തരത്തിൽ സംശുദ്ധമായ വോട്ടർപട്ടിക ഉണ്ടാക്കുന്നതിനുള്ള സവിശേഷ അധികാരവും (PlenaryPower) അതത് തിരഞ്ഞെടുപ്പ് കമ്മീഷനുകൾക്കാണ്. ഇന്ത്യയെന്ന ജനാധിപത്യരാജ്യത്തെ ജനങ്ങൾ അവരുടെ ഭരണഘടനപ്രകാരം മൂന്നുതലത്തിലുള്ള സർക്കാരുകളാൽഭരിക്കപ്പെടുന്നു എന്ന വസ്തുത ആദ്യം കാണേണ്ടതാണ്. കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നറിയപ്പെടുന്ന പ്രാദേശികസർക്കാരുകൾ എന്നിവയാണവ. ഇതിൽ കേന്ദ്ര, സംസ്ഥാനസർക്കാരുകളിലേയ്ക്കും അതിലെ നിയമനിർമ്മാണ സഭകളിലേയ്ക്കുമുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുള്ള വോട്ടർപട്ടിക തയ്യാറാക്കുന്നത് കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുള്ള വോട്ടർപട്ടിക തയ്യാറാക്കുന്നത് അതത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകളുമാണ്. അത്തരത്തിൽ കേന്ദ്ര, സംസ്ഥാന കമ്മീഷനുകൾ തങ്ങളുടെ അധികാരപരിധിയിലുള്ള വോട്ടർ പട്ടികകൾ തയ്യാറാക്കുന്നതിന് അവലംബിച്ചിട്ടുള്ള നിയമപരവും ആശയപരവുമായ തത്വങ്ങളും സംഹിതകളും ഒന്നുതന്നെയാണെങ്കിലും വോട്ടർപട്ടിക തയ്യാറാക്കുന്നതിനായി പിന്തുടരുന്ന നടപടിക്രമങ്ങളിൽസാരമായ വ്യത്യാസങ്ങളുണ്ട്. ഈ വ്യത്യസ്തതയെ മേൽപറഞ്ഞ സർക്കാരുകളുടെ ഘടനാപരമായ വൈജാത്യം കൊണ്ട് സാധൂകരിക്കപ്പെടാമെങ്കിലും അവയിൽസമീകരിക്കപ്പെടാവുന്ന മേഖലകളും കാണുന്നുണ്ട്. പറഞ്ഞുവരുന്നത് എന്താണെന്നു വച്ചാൽ, നടപടിക്രമങ്ങളിൽവ്യത്യസ്തതയുണ്ടെങ്കിലും രണ്ടുപട്ടികകളുടെയും നിയമപരമായ പരിശുദ്ധി ( legal sanctity ) ഒരേ തോതിലുള്ളതാണെന്നതാണ്. കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷന്റെയും സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷന്റെയും വെവ്വേറെ വോട്ടർപട്ടികകൾ നിലവിലുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

പ്രായപൂർത്തിയായ എല്ലാ പൗരൻമാർക്കും ഭരണഘടനാപരമായ വോട്ടവകാശം ഉറപ്പുവരുത്തുക എന്നത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ മൗലികമായ ഉത്തരവാദിത്വമാണ്. എന്നാൽ ആ ഉത്തരവാദിത്വം നിർവ്വഹിക്കപ്പെടേണ്ടത് അതികഠിനമായ വ്യവസ്ഥകൾ ചുമത്തിക്കൊണ്ടല്ല മറിച്ച് വളരെ സാധാരണക്കാരനായ ഒരു നിരക്ഷരനു പോലും പ്രാപ്യമായ തരത്തിൽ ഏറ്റവും ലളിതവും സുതാര്യവുമായ നടപടിക്രമങ്ങൾ അവലംബിച്ചുകൊണ്ടാവണം എന്നതു തന്നെയാണ് ഭരണഘടനാ തത്വങ്ങളിലടങ്ങിയിട്ടുള്ള സാംഗത്യം. ആ സാംഗത്യത്തിന് പ്രാമുഖ്യം ലഭിക്കുന്ന തരത്തിൽ തന്നെയാണ് വോട്ടർപട്ടികയിൽപേരുചേർക്കുന്നതിലും അതിൽ നിന്നും പേരൊഴിവാക്കുന്നതിനുമുള്ള നിയമങ്ങളും ചട്ടങ്ങളും

വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ഈ പ്രക്രിയയെ നമ്മുടെ വ്യക്തിപരമായ ഏതെങ്കിലും സൗകര്യമോ പദവിയോ ജോലിയോ പ്രവേശനമോ ലഭിക്കുന്നതിനുവേണ്ടി ഒരു അധികാരിക്കു മുമ്പിൽ നൽകുന്ന അപേക്ഷാസമർപ്പണ രീതിയുമായി താരതമ്യം ചെയ്യുന്നത് വിസ്തൃതമായി നിയമത്തിന്റെ കണ്ണിലൂടെ നോക്കുമ്പോൾ കാണുവാൻ സാധിക്കുന്ന കാര്യമാണ്.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളെ സംബന്ധിച്ച് വോട്ടർപട്ടിക തയ്യാറാക്കൽ ഏറ്റവും സുതാര്യമായി നടത്തപ്പെടുകയെന്നാൽഇന്ത്യൻ നിയമസംഹിതയിൽ അന്തർലീനമായിട്ടുള്ള പൊതുതത്വമായ (Common Law Principle) എല്ലാവർക്കും സ്വാഭാവികനീതി (Natural Justice) ഉറപ്പുവരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അവലംബിക്കുക എന്നുതന്നെയാണ്. അതനുസരിച്ച് ഒരു പൗരനെ സംബന്ധിച്ചിടത്തോളം വോട്ടർപട്ടികയിൽ പേരുൾപ്പെടുത്താനുള്ള അവകാശം അവനവനിൽതന്നെയാണ് നിക്ഷിപ്തമായിട്ടുള്ളതെന്നും അത് മറ്റാർക്കും കൈമാറിക്കൊടുക്കാനുള്ളതല്ല (non-transferable) എന്നും കാണേണ്ടതാണ്. അപ്രകാരം വോട്ടർപട്ടികയിൽ പേരുൾപ്പെടുത്തുന്നതിന് അവകാശവാദമുന്നയിച്ചതിന്റെ വിശദാംശം ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ നോട്ടീസ് ബോർഡിൽ നിശ്ചിതസമയം പ്രദർശിപ്പിച്ച് അതിൻമേലും നിലവിലെ കരട് വോട്ടർപട്ടികയിലെ വിശദാംശത്തിൻമേലും ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ ഒരു വോട്ടർക്ക് അതേ മണ്ഡലത്തിലെ മറ്റൊരു വോട്ടറുടെ പിന്തുണയോടുകൂടി ആക്ഷേപം ഉന്നയിക്കാനുള്ള അവസരം നൽകി അതും പരിശോധിച്ചതിനുശേഷമാണ് പ്രസ്തുത അവകാശവാദം അംഗീകരിക്കപ്പെടുകയോ തിരസ്കരിക്കപ്പെടുകയോ ചെയ്ത്, പേര് ചേർക്കപ്പെടുകയോ ഒഴിവാക്കപ്പെടുകയോ ചെയ്യുന്നത്. ഏറ്റവും സുതാര്യമായതും വളരെ സന്തുലിതവുമായ ഒരു ചിന്താപദ്ധതി ഈ നടപടിക്രമത്തിനു പിന്നിലുണ്ട്.

ഒരു വ്യാജ അവകാശവാദം അംഗീകരിക്കപ്പെടാതെ തടയുന്നതിനും ഒരു യഥാർത്ഥ വോട്ടർപട്ടികയിലിടം പിടിക്കുന്നതിനെതിരെ സ്ഥാപിതതാൽപര്യങ്ങളോടെയുള്ള സംഘടിതശ്രമങ്ങളെ ചെറുക്കുന്നതിനും ഉപയുക്തമായ ഒരു കോൺസ്റ്റിറ്റ്യൂഷണൽമെക്കാനിസം ഇതിലടങ്ങിയിട്ടുണ്ട്. എന്നാൽ ഈ ആധുനിക കാലഘട്ടത്തിൽ അണുകുടുംബങ്ങളുടെ ആധിക്യവും, പരക്കെയുള്ള നഗരവൽക്കരണവും, നഗരങ്ങളിലേയ്ക്കുള്ള അമിതമായ കുടിയേറ്റവും, ജനങ്ങൾ തമ്മിലുള്ള സമ്പർക്കമില്ലായ്മയും സർവ്വോപരി സാമൂഹികപ്രതിബദ്ധതയുടെ അഭാവം തുടങ്ങിയ സാമൂഹികഘടകങ്ങളും ഈ നടപടിക്രമത്തിന്റെ പൂർണതോതിലുള്ള വിജയത്തിന് വിഘാതമാകുന്നതായി കാണപ്പെടുന്നുണ്ടോയെന്നത് ഒരു കേവലസംശയത്തിനു മപ്പുറമുള്ള യാഥാർത്ഥ്യമായി കാണേണ്ടതാണ്. ഇത് കൃത്യതയുള്ള ഒരു വോട്ടർപട്ടിക തയ്യാറാക്കുന്നതിന് സഹായകരമായി ഭവിക്കുന്നില്ലയെന്നതും, കൃത്യതയുള്ള വോട്ടർ പട്ടിക ഉണ്ടാക്കേണ്ടതിന്റെ പൂർണമായ ഉത്തരവാദിത്വവും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ചുമലിൽ മാത്രമായി വന്നുചേരുന്നുവെന്നതും മറ്റൊരു യാഥാർത്ഥ്യമാണ്. സ്വാതന്ത്ര്യം ലഭിച്ച് 78 സംവത്സരങ്ങൾ പിന്നിടുമ്പോഴും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഇക്കാലത്തും 150 കോടിയോളം ജനങ്ങളുള്ള ഇന്ത്യയിൽ ഒരു പൗരനെ അവന്റെ എല്ലാ സ്ഥിതിവിവരകണക്കുകളോടെയും തിരിച്ചറിയാൻ കഴിയുന്ന ഒരു ഏക രേഖയില്ലായെന്നത് യാഥാർത്ഥ്യമല്ലേ?

അതുണ്ടാക്കിയെടുക്കുകയെന്നത് നമ്മുടെ സാമൂഹ്യരാഷ്ട്രീയ പശ്ചാത്തലത്തിൽ എളുപ്പവുമല്ല. ഇപ്പോൾ ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് വിവിധ രേഖകളെ ആശ്രയിച്ചാണെന്നതാണ് വസ്തുത. അവ ചിലപ്പോൾ ഔദ്യോഗികമോ അനൗദ്യോഗികമോ പോലുമാവാം. ഈ രേഖകളുടെ കൃത്യതയുടെ അടിസ്ഥാനം ഒരു പരിധിവരെ വിശ്വാസാധിഷ്ഠിതമാണ്. വോട്ടർപട്ടികയുടെ കാര്യത്തിലും ഈ രേഖകളിൽ ഏതെങ്കിലുമൊക്കെ ആശ്രയിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വയം ബോധ്യപ്പെട്ട് തീരുമാനമെടുത്തേ മതിയാവൂ. ഇത് ഓരോ വ്യക്തികളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ മുൻപാകെ സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ മേലും, ഒരു പൊതുവിശ്വാസത്തിന്റെ (Public Trust) അടിസ്ഥാനത്തിലും നടത്തപ്പെടുന്ന നിയമപരമായ നടപടിക്രമത്തിലൂടെയാണ് വോട്ടർപട്ടിക തയ്യാറാക്കപ്പെടുന്നത്. അതിൽ വ്യാജപ്രസ്താവനകൾനടത്തുന്നത് ശിക്ഷ ഉറപ്പുവരുത്തിയിട്ടുള്ള കുറ്റകൃത്യമായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാകുന്നു.

വോട്ടർപട്ടിക തയ്യാറാക്കുന്ന നിയമപരമായ കാഴ്ച്ചപ്പാട് മേൽപ്രകാരമാണെങ്കിലും, അത് തയ്യാറാക്കുന്നതിലുള്ള നിർദ്ദേശം, നിയന്ത്രണം, മേൽനോട്ടംവഹിക്കൽ എന്നത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭരണഘടനാപരമായ ബാധ്യതയാണ്. ഏറ്റവും സാധാരണക്കാരന് പോലും പ്രാപ്യമാകുന്നതരത്തിൽ കുറ്റമറ്റ സംവിധാനങ്ങളൊരുക്കുകയും രാഷ്ട്രീയപാർട്ടികളും പൊതുസമൂഹവും മുന്നോട്ടു വയ്ക്കുന്ന ആശയങ്ങളിൽ നിയമപരമായ പരിശോധന നടത്തി സുതാര്യമായും നിയമപരമായും പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പൊതുസമൂഹത്തെ അത് ബോധ്യപ്പെടുത്തേണ്ടതും അർഹരായ ആരും പട്ടികയിൽ ഉൾപ്പെടാതെ പോകരുതെന്നും അനർഹർ പട്ടികയിൽ ഇടംപിടിക്കരുതെന്നുമുള്ള ജാഗ്രതയും ഉത്തരവാദിത്വവും കമ്മീഷന്റെ സമീപനമായിരിക്കേണ്ടതുമാണ്.

രാജ്യത്തെ എല്ലാ പൗരൻമാർക്കും ഒരേ വോട്ടുമൂല്യമാണ് ഭരണഘടന കൽപ്പിച്ചിട്ടുള്ളതെന്നതിനാൽ വോട്ടർപട്ടികയിലെ ഇരട്ടിപ്പുകളും വ്യാജപേരുകളും ഒഴിവാക്കപ്പെടേണ്ടതു തന്നെയാണ്. എന്നാൽ അതു പൊതുസമൂഹത്തിന്റെ ജാഗ്രതയിൽ മാത്രമേ പൂർണതോതിൽ നേടിയെടുക്കാനാകൂ. സത്യസന്ധതയിലും നീതിബോധത്തിലും അടിയുറച്ച ഒരു ഭരണക്രമത്തിനും അത് വിലമതിക്കുന്ന ഒരു സമൂഹത്തിനും മാത്രമേ ശുദ്ധമായ ഒരു വോട്ടർപട്ടിക പരിപൂർണമായി ഉറപ്പുവരുത്താനാകൂ. അതായത് വോട്ടർപട്ടികയുടെ വിശുദ്ധിയെന്നു വച്ചാൽ, അത് നമ്മുടെ സാമൂഹ്യ, രാഷ്ട്രീയ മേഖലയിലെ വിശുദ്ധി തന്നെയാണ്.

**ലേഖകൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ജോയിന്റ് സെക്രട്ടറിയാണ്.**

**EDITORIAL TEAM**

*Sureshkumar A.*
*James P J*

**PHOTOGRAPHY**

*I & PRD*
*Aravind M.A.*

**ലേഖനങ്ങളിലുള്ള അഭിപ്രായം ലേഖകരുടേത് മാത്രമാണ്**

# 100% വോട്ടർ രജിസ്ട്രേഷൻ

# 100% പോളിംഗ്

**വോട്ടിനായി പേര് ചേർത്തിടാം**

**നാട്ടിനായി വോട്ട് ചെയ്തിടാം**